കെ.എസ്.എ-കെ.ടി.എം.പി5/1410/2017 തീയതി: 22.09.2017

# കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.2016 മുതൽ 31.7.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.8.17 മുതൽ 31.8.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :.ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജുകുട്ടി ജോസഫ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബി.പ്രദീപ് | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.മുരളീധരൻ നായർ എൻ.ആർ. (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 1.4.16 മുതൽ 17.8.16 വരെ |
| | ശ്രീ.ജോസ് കുഞ്ഞ് പി.ജെ. | 18.8.16 മുതൽ 26.8.16 വരെ |
| | ശ്രീമതി ഗീത മേരി മാമ്മൻ | 27.8.16 മുതൽ 31.3.17 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുരളീധരൻനായർ എൻ.ആർ. | 1.4.2016 മുതൽ 20.12.2016 വരെ |
| | ശ്രീ.സജീഷ് എസ്. | 21.12.2016 മുതൽ 31.1.2017 വരെ |
| | ശ്രീ.ഫ്രാൻസിസ് കെ.എം. | 1.2.2017 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബിനു തോമസ് | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി സന്ധ്യ വി.എസ്. | 1.4.16 മുതൽ 20.7.16 വരെ |
| | ശ്രീ.അജയകുമാർ പി. | 21.7.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.അജയ് കുരുവിള | 1.4.16 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.മുഹമ്മദ് റിയാസ് | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി അഞ്ജലി അരവിന്ദ് | 1.4.2016 മുതൽ 20.3.2017 വരെ |
| | ശ്രീമതി ജിന മേരി ബെഞ്ചമിൻ | 21.3.2017 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൗമ്യ | 1.4.16 മുതൽ 19.2.17 വരെ |
| | ശ്രീമതി ബീന | 20.2.17 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വിനീത | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ജോസഫ് ആന്റണി | 1.4.16 മുതൽ 31.3.17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ജമീല സി.എച്ച്. | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1-പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | ബാങ്കിൽ കളക്ഷന് നൽകിയ ഡിമാന്റ് ഡ്രാഫ്റ്റ്--ക്രെഡിറ്റിൽ വന്നിട്ടില്ല |
| 2-3-1 | ആരാധാനാലയങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി--പഞ്ചായത്ത് ഫണ്ടിന് ആവർത്തന നഷ്ടം |
| 2-3-2 | വസ്തുനികുതി--നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്തിന് പ്രത്യേക നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചത്--പൊരുത്തക്കേടുകൾ |
| 2-3-3 | ഭാഗീകമായി പൂർത്തീകരിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തുനികുതി ചുമത്തുന്നത്--തുടർ നിർമ്മാണങ്ങൾ നിരീക്ഷിക്കുന്നില്ല |

| | |
|---|---|
| 2-3-4 | വസ്തുനികുതി പരിഷ്കരണം--ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയ അധിക ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-3-5 | വസ്തുനികുതി പരിഷ്ക്കരണ നടപടികളിലെ പുരോഗതി |
| 2-4-1 | ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല |
| 2-4-2 | സ്വകാര്യ ധനവിനിമയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല |
| 2-4-3 | ഡി&ഒ ലൈസൻസ്--സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല |
| 2-5 | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ്--ഈടാക്കിയില്ല |
| 2-6 | പഞ്ചായത്ത് മിച്ച ഫണ്ട് ആദായകരമായി നിക്ഷേപിക്കുന്നത്--സംബന്ധിച്ച് |
| 2-7 | ഇ-ടെണ്ടർ--ടെണ്ടർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല |
| | ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | റോഡ് ടാറിംഗ്--കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു |
| 3-2 | മൊബൈൽ ഫോൺ മാപ്പിംഗ്--തുടർനടപടികൾ പൂർത്തിയായിട്ടില്ല |
| 3-3 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി.പി.പ്രോജക്ടുകൾ |
| 3-4 | വെള്ളക്കരം അടവ്--കണക്കുകളിൽ അവ്യക്തത, 2011ന് ശേഷം സംയുക്തപരിശോധന നടത്തിയിട്ടില്ല |
| 3-5 | തെരുവുവിളക്ക് മെയിന്റനൻസ്--പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 3-6 | സ്കൂൾ/അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന--അപാകതകൾ |
| 3-7 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല--2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | ആശ്രയ ഒന്നാം ഘട്ട തുക പരിചരണ സേവനങ്ങൾക്കായി പൂർണ്ണമായി വിനിയോഗിച്ചില്ല |
| 3-9 | ജലനിധി പദ്ധതി--അവലോകനം |
| 3-10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 3-11 | വിനിയോഗ വിവരം ലഭ്യമല്ല. 3,75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-12 | ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല |
| | ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | |
|---|---|
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം അന്റ് എക്സ്പെൻഡിച്ചർ 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.3.17 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 8,42,87,865.15 | 60,51,177.95 | -- | 7,82,36,687.2 | 92.82 |
| വരവ് | 9,20,24,776 | 5,04,15,837 | -- | 4,16,08,939 | 45.21 |
| ആകെ | 17,63,12,641.15 | 5,64,67,014.95 | -- | 11,98,45,626.2 | 67.97 |
| ചെലവ് | 14,89,64,084 | 4,46,62,139 | -- | 10,43,01,945 | 70 |
| നീക്കിയിരിപ്പ് | 2,73,48,557.15 | 1,18,04,875.95 | -- | 1,55,43,681.2 | 56.83 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ 4.16 കോടി രൂപയുടേയും ബജറ്റ് പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ 10.43 കോടി രൂപയുടേയും വ്യതിയാനം ഉണ്ടായിട്ടുള്ളതിനാൽ ബജറ്റ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 ൽ അനുശാസിക്കുന്ന വിധം വാസ്തവീകമായ മതിപ്പുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതല്ലായെന്ന് വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയപരിധിയും മുന്നൊരുക്ക നടപടിക്രമങ്ങളും പാലിക്കേണ്ടതും വിഭവ സമാഹരണവും പ്രതീക്ഷിക്കുന്ന ചെലവുകൾക്കായുള്ള (വാർഷിക പദ്ധതിച്ചെലവ് ഉൾപ്പടെ) വിഹിതവും യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

2016-17 വർഷത്തെ വാർഷികകണക്കുകൾ 12.6.17 തീയതി ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷികകണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 60,51,177.95 |
| വരവ് | 5,04,15,837 |
| ആകെ | 5,64,67,014.95 |
| ചെലവ് | 4,46,62,139 |
| നീക്കിയിരിപ്പ് | 1,18,04,875.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഒടുക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 99,61,914 | 97,84,845 | 1,77,069 | 93.76 |
| വികസനഫണ്ട് എസ്.സി.പി. | 26,88,018 | 18,68,972** | 8,19,046 | 69.52 |
| വികസനഫണ്ട് ടി.എസ്.പി. | 36,978 | 3,630 | 33,348 | 9.8 |
| സംരക്ഷണഗ്രാന്റ് റോഡ് | 42,73,707 | 9,92,704 | 32,81,003 | 23.2 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 26,79,189 | 13,42,226 | 13,36,963 | 50.09 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 55,87,163 | 41,61,389 | 14,25,774 | 74.48 |
| ലോകബാങ്ക് ധനസഹായം | 29,29,179 | 28,47,455 | 81,724 | 97.2 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 72,18,808 | 72,14,763 | 4,045 | 99.94 |

** വികസനഫണ്ട് (എസ്.സി.പി.)യുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് തുക 18,68,972 രൂപയും ഐ.കെ.എം.ചെലവ് പത്രിക (സുലേഖ സോഫ്റ്റ്‌വെയറിൽ ലഭിക്കുന്നത്) പ്രകാരമുള്ള ചെലവ് തുക 17,54,470 രൂപയുമാണ് (വ്യത്യാസം – 1,14,502 രൂപ). വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 3,50,22,319 | 94 | 2,31,73,527 | 28 | 04 | 74.6% |

പദ്ധതി രൂപീകരണം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 15 വാർഡുകളിലും അയൽസഭകളും വാർഡ് വികസനസമിതികളും രൂപീകരിച്ചു. തുടർന്ന് വിഷയമേഖലാടിസ്ഥാനത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകളും സംഘടിപ്പിക്കപ്പെട്ടു. ഇപ്രകാരം രൂപീകരിക്കപ്പെട്ട അയൽസഭകളേയും വർക്കിംഗ് ഗ്രൂപ്പുകളേയും

പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഓരോ വാർഡിലും കൂടിയ പ്രഥമ ഗ്രാമസഭയിൽവച്ച് അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭ ഓരോ വാർഡിലും 2016 ഫെബ്രുവരി മാസത്തിലെ വിവിധ തീയതികളിൽ കൂടുകയും അയൽസഭകളുടേയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടേയും പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 8.3.16-ൽ സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം ചേർന്നു. ഇപ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നിങ്ങനെ സർക്കാർ ഉത്തരവുപ്രകാരമുള്ള പ്രാഥമിക നടപടിക്രമങ്ങളിലൂടെയാണ് 16-17-ലെ വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. 2016 ഒക്ടോബർ മാസത്തിലെ വിവിധ തീയതികളിൽ കൂടിയ ഗ്രാമസഭകളിൽവച്ച് വാർഷികപദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 18.7.16-ൽ ഊരുകൂട്ടയോഗവും 29.6.16-ൽ വികസന സെമിനാറും നടന്നു.

പന്ത്രണ്ടാം പഞ്ചവൽസരപദ്ധതിയുടെ അവസാനവർഷമായ 2016-17-ലെ പദ്ധതിരൂപീകരണത്തിൽ ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങളനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

പദ്ധതി അംഗീകാരം

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6.9.16-ലെ I-ാം നമ്പർ തീരുമാനപ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2015-16, 2016-17 വാർഷികപദ്ധതികൾ ദ്വൈവാർഷിക പദ്ധതിയായി അംഗീകരിച്ചതീരുമാനിക്കുകയും 31.1.17-ലെ 7(2)-ാം നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. കൂടാതെ ജില്ലാ ആസൂത്രണസമിതിയുടെ 15.3.17-ലെ 490/16/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം നമ്പർ അന്തിമനടപടി ഉത്തരവ്പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 3,50,22,319/-രൂപ അടങ്കൽ വകയിരുത്തിയിരുന്ന വാർഷികപദ്ധതി പ്രകാരം 22 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 126 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 10 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 86 പ്രോജക്ടുകൾക്കായി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വാർഷിക പദ്ധതിക്കായുള്ള വകയിരുത്തലിന്റേയും ചെലവിന്റേയും ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | വാർഷികപദ്ധതിക്കായി വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 99,61,914 | 1,04,35,662 | 97,84,845 | 93.76% |
| എസ്.സി.പി | 26,88,018 | 27,78,018 | 18,68,972 | 67.27% |
| റ്റി.എസ്.പി | 36,978 | 36,978 | 3,630 | 9.8 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 55,87,163 | 55,87,163 | 41,61,389 | 74.48 |
| ലോകബാങ്ക് ധനസഹായം | 29,29,179 | 29,29,179 | 28,47,455 | 97 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | 8,90,000 | 3,50,000 | 39 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | -- | -- | |
| തനതുഫണ്ട് | | 1840198 | 2,78,308 | 15 |
| ബ്ലോക്ക് വിഹിതം | | 4,60000 | -- | -- |

| | | | | |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 42,73,707 | 45,32,440 | 9,92,704 | 21.9 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 26,79,189 | 34,99,181 | 13,42,226 | 38.35 |
| മറ്റുള്ളവ | | 20,33,500 | 16,58,500 | 81.55 |
| ആകെ | | 3,50,22,319 | 2,31,73527 | 66.16% |

2016-17 വാർഷികപദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയുടെ 66% മാത്രമേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ.

വകയിരുത്തിയ തുക യഥാർത്ഥ അലോട്ട്മെന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല

2016-17 വർഷം സർക്കാരിൽനിന്നുള്ള വിവിധ ഫണ്ടുകളുടെ യഥാർത്ഥ അലോട്ട്മെന്റ് തുകയും വാർഷികപദ്ധതി പ്രകാരം വകയിരുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | യഥാർത്ഥ വരവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1,04,35,662 | 99,61,914 |
| സംക്ഷണഗ്രാന്റ്(റോഡ്) | 45,32,440 | 42,73,707 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 34,99,181 | 26,79,189 |

അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതും പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമസഭകളുടെ സംഘാടനം തൃപ്തികരമല്ല

പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ പ്രധാനഭാഗമായ ഗ്രാമസഭകളുടെ മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ, 2016-17 വാർഷികപദ്ധതിയുടെ ഭാഗമായി 2 തവണ മാത്രമേ ഗ്രാമസഭ കൂടിയിട്ടുള്ളൂ എന്ന് കാണുന്നു. ഗ്രാമസഭകളിൽ ജനപങ്കാളിത്തവും കുറവായിരുന്നു. മിക്ക ഗ്രാമസഭകളിലും ചട്ടപ്രകാരമുള്ള മിനിമം പങ്കാളിത്തം മാത്രമുണ്ടായിരുന്നതായിട്ടാണ് രേഖകൾ വ്യക്തമാക്കുന്നത്. ചട്ടപ്രകാരം ഗ്രാമസഭാ മിനിറ്റ്സിൽ പ്രസിഡന്റ്, സെക്രട്ടറി, തെരഞ്ഞെടുത്ത ജനപ്രതിനിധികൽ നിർബന്ധമായും ഒപ്പിടണമെന്നിരിക്കെ പല ഗ്രാമസഭാമിനിറ്റ്സിലും കോ-ഓർഡിനേറ്റർ മാത്രമാണ് ഒപ്പുവച്ചിട്ടുള്ളത്. ഗ്രാമസഭകളുടെ യോഗം ചേരൽ, ആയതിനുള്ള നടപടിക്രമങ്ങൾ, ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ്, ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റൽ എന്നിവയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല, രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല.

വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വിഷയമേഖലകളുമായി ബന്ധപ്പെട്ട് 13 ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നുവെങ്കിലും 7 വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണമാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുയോഗങ്ങളുടെ മിനിറ്റ്സ് രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല. പലതിലും യോഗം ചേർന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല പല വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗമിനിറ്റ്സ് കൺവീനറും ചെയർമാനും ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല. വാർഷികപദ്ധതി രൂപീകരണത്തിൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടേയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കേണ്ടതും യോഗമിനിറ്റ്സുകൾ ശരിയായി എഴുതി പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

12-ാം പഞ്ചവൽസരപദ്ധതി

ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല

1) വൃദ്ധമന്ദിരം

വൃദ്ധർക്ക് വിശ്രമകേന്ദ്രത്തിനായുള്ള കെട്ടിടം 2009-10-ൽ പൂർത്തീകരിച്ച് 2013-14 വർഷം ഇലക്ട്രിഫിക്കേഷൻ വർക്കുകളും നടത്തിയിരുന്നു. കെട്ടിടത്തിലേക്ക് വഴി സൗകര്യവും ടോയ്‌ലറ്റ്, ജല ലഭ്യത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും

ഈ കെട്ടിടം വൃദ്ധസദനത്തിനായി തികച്ചും യോജ്യമല്ലാതെ ഉപയോഗിക്കാത്ത അവസ്ഥയിലാണ്.

ഇ-ടോയ്‌ലറ്റ്

വികസനഫണ്ട് 50,000/-രൂപയും വിഹിതം 25,000/- രൂപയും ഉൾപ്പെടെ 3,00,000/-ലക്ഷം രൂപ ചെലവഴിച്ച് 2012-13 വർഷം പണി പൂർത്തീകരിച്ച ഇ-ടോയ്‌ലറ്റ് സംവിധാനം നിലവിൽ പ്രവർത്തനക്ഷമമല്ല. എന്നാൽ കറന്റ്ചാർജ്, വെള്ളക്കരം ഇനങ്ങളിൽ ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചുകൊണ്ടിരിക്കുന്നത് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിലുള്ള ചെലവ് ഒഴിവാക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

1) വനിതാ വ്യവസായയൂണിറ്റ്

വനിതാഘടകപദ്ധതിയിൽപ്പെടുത്തി 11-ാം പദ്ധതിക്കാലത്ത് ആവിഷ്കരിച്ച വ്യവസായ യൂണിറ്റിന് വേണ്ടിയുള്ള കെട്ടിടനിർമ്മാണം 2012-13 വർഷവും വയറിംഗ് 2013-14 വർഷം പൂർത്തീകരിച്ചിരുന്നു. എന്നാൽ നിലവിൽ കുടുംബശ്രീ നടത്തുന്ന ധാന്യപൊടിമിൽ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. 17 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് പൂർത്തീകരിച്ച വനിതാവ്യവസായ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടില്ല.

## 1-7 തനത് വരുമാനം

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 100.81 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ താഴെ വിവരിക്കുന്ന പ്രകാരമുള്ള വർദ്ധനവ് വരവിലുള്ള വർദ്ധനവ് എന്നതിലുപരി വരുമാന വർദ്ധനവ് ആയി കണക്കാക്കാൻ കഴിയുമോയെന്ന് ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. കണക്കുകൾ സൂക്ഷിക്കുന്നതിലെ ന്യൂനത മൂലവും സാംഖ്യ സമ്പ്രദായത്തിലൂടെയുള്ള അക്കൗണ്ടിംഗ് നടപടിക്രമങ്ങളിലൂടെ ചില മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തിയതിന്റെ കൃത്യത വ്യക്തമല്ലാത്തതിനാലും ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രതിഫലിപ്പിക്കുന്ന പ്രകാരമുള്ള വരുമാന വർദ്ധനവ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താൻ സാധിക്കുന്നില്ല.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+) |
|---|---|---|---|---|
| നികുതി വരവുകൾ | 39,12,820 | 78,57,035 | 39,44,215 | 100.8 |
| നികുതിയേതര വരവുകൾ | 6,04,463 | 12,14,069 | 6,09,606 | 100.85 |
| മറ്റുവരവുകൾ | 45,17,283 | 90,71,104 | 45,53,821 | 100.81 |
| ആകെ | 90,34,566 | 1,81,42,208 | 91,07,642 | 100.81 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75,000 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 20,93,970 | 264 |
| വിധവാപെൻഷൻ | 64,72,740 | 626 |
| വാർദ്ധക്യകാലപെൻഷൻ | 1,20,17,535 | 1516 |
| വികലാംഗപെൻഷൻ | 11,65,440 | 193 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 2,30,600 | 28 |
| വിവാഹധനസഹായം | 60,000 | 02 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.8.2017 തീയതി 3 പി.എം.ന് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തൊഴിൽ രഹിത വേതനം ഇനത്തിൽ വിതരണം ചെയ്യാനായി പിൻവലിച്ച തുകയിൽ അവശേഷിക്കുന്ന തുകയും (വിതരണം ചെയ്യാനുള്ളത്) പരിശോധനാ സമയം വരെയുള്ള കളക്ഷൻ തുകയും ഉൾപ്പടെയുള്ള 44,755/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജീവനക്കാർക്ക് ചുമതലകളും കർത്തവ്യങ്ങളും ജോലി വിഭജനത്തിലൂടെ ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. ദൈനംദിന പണമിടപാടുകൾ സംബന്ധിച്ച രേഖകൾ കൃത്യതയോടെ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ നമ്പർ അടിസ്ഥാനത്തിൽ ക്രമമായി സൂക്ഷിച്ചിട്ടില്ല. തൻവർഷത്തെ വൗച്ചറുകൾ ചിട്ടയായി പുനക്രമീകരിച്ച് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കണ്ടിജന്റ് ചെലവുകളുടെയും ആവർത്തനച്ചെലവുകളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇത്തരം ചെലവുകൾ ബജറ്റ് വകയിരുത്തലിന് വിധേയമായി മാത്രമാണ് നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഓരോ ഇനത്തിന്റേയും ബജറ്റ് വകയിരുത്തൽ അതാത് പേജുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

തൊഴിൽനികുതി, ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് ഫീസ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്ത് പരിധിയിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരവ്യൂഹത്തിന്റെ (Database) അഭാവത്തിൽ, ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർ പൂർണ്ണമായി തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്നുണ്ടോയെന്നും വ്യക്തമല്ല. നിർദ്ദിഷ്ട ഫോർമാറ്റിലുള്ള ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലീകമായി പുതുക്കുന്നില്ല. പഞ്ചായത്തിലെ ഓരോ വിഭാഗം ഫർണിച്ചറുകൾക്കും പെയിന്റ് ഉപയോഗിച്ച് സ്റ്റോക്ക് നമ്പർ നൽകി ഓരോ ഫർണിച്ചറിന്റേയും സ്റ്റോക്ക് നമ്പർ ബന്ധപ്പെട്ട ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ടെങ്കിലും അപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ സ്റ്റോക്ക്/സ്റ്റോറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഉപയോഗ ശൂന്യമായ സാധനങ്ങളുടെ വില നിശ്ചയിച്ച് ആയവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പൊതുടാപ്പുകളുടെ (154 എണ്ണം) വെള്ളക്കരമിനത്തിൽ മാസംതോറും 67,375/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിവരുന്നു. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യത വ്യക്തമല്ല. ഇക്കാര്യത്തിൽ അധികൃതരുമായി ആശയവിനിമയം നടത്തിയതിൽ പ്രവർത്തനക്ഷമമല്ലാത്ത ഒട്ടേറെ ടാപ്പുകൾക്ക് വേണ്ടിയുള്ള തുകയും നിലവിൽ ഒടുക്കി വരുന്നതായും സംയുക്തപരിശോധനയ്ക്ക് വാട്ടർ അതോറിറ്റി വേണ്ടത്ര സഹകരിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം ഒടുക്കേണ്ട വെള്ളക്കരം 5,250/-രൂപ ആകയാലും ജലനിധി പദ്ധതിയിലൂടെ ഒട്ടേറെ ജലവിതരണ പദ്ധതികൾ ആരംഭിച്ചിട്ടുള്ളതിനാലും പൊതുടാപ്പുകളുടെ എണ്ണം പരമാവധി കുറച്ച് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന പാഴ്ച്ചെലവ് പരമാവധി കുറയ്ക്കേണ്ടതാണ്. ഗാർഹിക കണക്ഷൻ കൂടുതലായി നൽകുന്നതിന് ശ്രദ്ധിക്കാവുന്നതാണ്.

തെരുവ് വിളക്കുകളുടെ എണ്ണം, ഓരോ തെരുവ് വിളക്കുകളുടേയും തരം/ഇനം എന്നിവയുടെ ആധികാരിക വിവരങ്ങളുടെ അഭാവത്തിൽ വൈദ്യുതി ചാർജിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് ഒടുക്കാൻ സാധിക്കുന്ന വിധം മീറ്ററിങ്ങ് സമ്പ്രദായം അടിയന്തിരമായി ഏർപ്പെടുത്തി ഈ ഇനത്തിൽ ആവർത്തിച്ചുണ്ടാകുന്ന പാഴ്ച്ചെലവും ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന പത്തനാട് ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റ് പൊതുജനങ്ങൾ കാര്യമായി ഉപയോഗിക്കുന്നില്ലാത്തതിനാലും ഇ ടോയ്‌ലറ്റിലൂടെയുള്ള കളക്ഷൻ ലഭിക്കാത്തതിനാലും (കോയിൻ കളക്ഷൻ) ഇതിന് വേണ്ടി വൈദ്യുതി ചാർജിനത്തിലും മറ്റും ഉണ്ടാകുന്ന ആവർത്തനചെലവിന് അനുസൃതമായ നേട്ടം ഉണ്ടാകുന്നില്ലായെന്ന് അന്വേഷണത്തിൽ അറിയുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.08.17 | 7/17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.4.12 മുതൽ 15.5.12 വരെ | 2003-04 മുതൽ 2011-12 വരെ | നം.35157/എസി 1/12 തീയതി 11.06.2012(റിപ്പോർട്ട് തീർപ്പാക്കി) |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

കഞ്ഞഴ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 24.5.2017 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2016-17 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 60,51,177.95/-രൂപയും തൻവർഷ വരവ് 5,04,15,837/-രൂപയും തൻവർഷചെലവ് 4,46,62,139/-രൂപയും വർഷാവസാന നീക്കിയിരിപ്പ് 1,18,04,875.95/-രൂപയും ആകുന്നു. (ഇതിൽ 1,16,01,532.95/-രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പും 2,03,343/-രൂപ പണമായുള്ള നീക്കിയിരുപ്പുമാണ്.) തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 7,25,89,535/-രൂപയും ആകെ ചെലവ് 7,20,26,979/-രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയ 12,73,379/-രൂപ ഉൾപ്പടെ തൻവർഷത്തെ വരുമാന മിച്ചം (Surplus) 18,35,935/-രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.17 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 2,13,81,278.95/-രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 1,13,76,184.8/-രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 1,00,05,094.15/-രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1-വാർഷിക ധനകാര്യപത്രിക ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ അടിസ്ഥാനത്തിലുള്ള ധനകാര്യവിശകലനം നടത്തുകയോ മുൻവർഷ കണക്കുകളുമായി താരതമ്യം നടത്തുകകയോ ചെയ്തിട്ടില്ല.

2-അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകളിലൂടെ വെളിപ്പെടുത്തേണ്ട വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിംഗ് നടപടികളിൽ പാലിച്ചിട്ടുള്ള കീഴ്വഴക്കങ്ങൾ, സിദ്ധാന്തങ്ങൾ, അന്തിമമായി സ്ഥിരീകരിക്കാത്ത തുകകളും പത്രികകളും സംബന്ധിച്ച വെളിപ്പെടുത്തലുകൾ എന്നിവ കുറിപ്പുകളിലൂടെ വെളിപ്പെടുത്തേണ്ടതും ആയത് വാർഷിക ധനകാര്യ പത്രികയുടെ ആമുഖമായി ഉൾപ്പെടുത്തേണ്ടതുമാണ്.

3-ഭൂമി ഉൾപ്പടെയുള്ള ആസ്തികളുടേയും നിലനിൽക്കുന്ന ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. ആയതിനാൽ കണക്കാക്കപ്പെട്ട ജനറൽ ഫണ്ട് പൊസിഷൻ അന്തിമമല്ല. തൻവർഷത്തെ മാത്രമുള്ള ആകെ വരുമാനം 7.16 കോടി രൂപ ആയിരിക്കെ നാളിതുവരെയുള്ള ആസ്തി മൂല്യം 2.14 കോടി രൂപ എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരമുള്ള കണക്കാക്കലിന്റെ കൃത്യത വ്യക്തമല്ല.

4-പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും മെയിന്റനൻസ് ഫണ്ടിൽ നിന്നും ഒടുക്കിയ തുകകൾ വ്യത്യസ്ത ശീർഷകങ്ങളിലാണ് ചേർത്തിട്ടുള്ളത്. ഒരേ ആവശ്യത്തിന് വേണ്ടി ചെലവഴിക്കുന്ന തുക ഒരേ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

5-റവന്യൂ/മൂലധനച്ചെലവുകളുടെ വർഗ്ഗീകരണത്തിന്റെ കൃത്യതയും മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ (Prior Period Items)എന്ന നിലയിൽ നടത്തിയിട്ടുള്ള ക്രമീകരണങ്ങളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഷെഡ്യൂൾ I-18ൽ മുൻവർഷങ്ങളിലെ പ്രോഗ്രാം ചെലവുകൾ എന്ന ഇനത്തിൽ 29,73,554/-രൂപ ചേർത്തിട്ടുണ്ട്. ഇതിന്റെ കൃത്യത ഓഡിറ്റിൽ ബോധ്യമായിട്ടില്ല.റസീറ്റ്സ്

ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് കൂടി കാണുക.

## 2-2 ബാങ്കിൽ കളക്ഷന് നൽകിയ ഡിമാന്റ് ഡ്രാഫ്റ്റ്-ക്രെഡിറ്റിൽ വന്നിട്ടില്ല

2016-17 വർഷം ഓണം അഡ്വാൻസ് ഇനത്തിൽ ശ്രീ.മുരളീധരൻ നായർ, അസിസ്റ്റന്റ് സെക്രട്ടറിക്ക് അനുവദിച്ചിരുന്ന തുകയിൽ തിരികെ ഈടാക്കുവാൻ അവശേഷിച്ചിരുന്ന 3,000/-രൂപ ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കി ടിയാൻ നിലവിൽ ജോലി ചെയ്യുന്ന തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിൽ നിന്നും 8.2.17 ലെ 004653 ഡി.ഡി. പ്രകാരം ലഭിച്ചിട്ടുള്ളതായി ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. പ്രസ്തുത ഡി.ഡി. 15.2.17 ൽ കളക്ഷന് വേണ്ടി

എസ്.ബി.ഐ ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ക്രെഡിറ്റിൽ വന്നതായി കാണുന്നില്ല. ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-3-1 ആരാധനാലയങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി--പഞ്ചായത്ത് ഫണ്ടിന് ആവർത്തന നഷ്ടം

സഞ്ചയ പ്രോപ്പർട്ടി ടാക്സ് മൊഡ്യൂൾ പരിശോധിച്ചതിൽ ആരാധനാലയം എന്ന ഗണത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകിയതായി കാണുന്നു.

| വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ വിവരണം/ഉടമ | വിസ്തീർണ്ണം(ച.മി) |
|---|---|---|
| 9/97 | SNDP ശാഖാ നം.56 വക ഷോപ്പിംഗ് കോംപ്ലക്സ് | 180 |
| 10/327 | സി.എസ്.ഐ മുണ്ടത്താനം വക ക്വാർട്ടേഴ്സ് | 132 |
| 3/256 | SNDP ഹാൾ | 70 |
| 4/166 | ഓഫീസ് കെട്ടിടം പള്ളി വക | 103.7 |
| 10/401-A,B | മദർജനറൽ, മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ലവർ | - |

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വിവരണം പരിശോധിച്ചതിൽ ഇവ ആരാധനാലയം എന്ന ഗണത്തിൽ ഉൾപ്പെടുന്നതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.6)ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽ പട്ടികയിലെ അവസാനമായി സൂചിപ്പിച്ച കെട്ടിടം അംഗീകൃത വിദ്യാഭ്യാസ സ്ഥാപനം ആണെന്നും ബാക്കിയുള്ളവയ്ക്ക് നികുതി ചുമത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്തി പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3-2 വസ്തു നികുതി-നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്തിന് പ്രത്യേക നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചത്-പൊരുത്തക്കേടുകൾ

പഞ്ചായത്തിലെ 15-ാം വാർഡിലെ 326 A നമ്പരിലുള്ള കെട്ടിടത്തിന്റെ ഒരു ഭാഗത്തിന് പ്രത്യേക നമ്പർ നൽകണമെന്ന കെട്ടിട ഉടമ ശ്രീ.ഉലഹന്നാൻ ജോൺ, പീലിയാനിക്കലിന്റെ അപേക്ഷ പരിഗണിച്ച് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ 32 ച.മീ ഭാഗത്തിന് മാത്രം 326 B എന്ന നമ്പർ നൽകി വസ്തുനികുതി പുതുക്കിയ നിരക്കിൽ നിർണ്ണയിച്ചതായി കാണുന്നു. പ്രസ്തുത കെട്ടിടം പുതിയ നിർമ്മിതിയാണോയെന്ന് വ്യക്തമല്ല. 326 A നമ്പരിലുള്ള കെട്ടിടത്തിൽ ഉൾപ്പെട്ട വ്യക്തമായ ചുവർ അതിരുകൾ ഉള്ള ഭാഗത്തിനാണോ ഇപ്രകാരം പ്രത്യേകം നമ്പർ നൽകിയതെന്ന് വ്യക്തമല്ല. നിലനിന്നിരുന്ന 238 ച.മി വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് 35/-രൂപ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ച് വഴി സൗകര്യത്തിനുള്ള 20% വർദ്ധനവ് സഹിതം 9,996/- രൂപയായി കണക്കാക്കുകയും വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് കണക്കാക്കിയിരുന്ന നികുതിയായ 1,401/-രൂപയുടെ 100% വർദ്ധനവിൽ പരിമിതപ്പെടുത്തി 2,802/-രൂപയായി നിജപ്പെടുത്തുകയും ചെയ്തു. തൽഫലമായി ഒരു കെട്ടിടത്തിന്റെ 32 ച.മി വിസ്തീർണ്ണമുള്ള ഭാഗത്തിന് പുതിയ നിരക്കിൽ ചുമത്തിയിട്ടുള്ള നികുതി (അടിസ്ഥാന നിരക്ക് 50/- രൂപ എന്ന് കണക്കാക്കി 1,920/-രൂപയായി നിശ്ചയിച്ചു) ബാക്കി ഭാഗത്തെ അപേക്ഷിച്ച് വളരെയധികം കൂടുതലാണെന്ന് കാണുന്നു. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് ഇപ്രകാരം വ്യത്യസ്ത മാനദണ്ഡത്തിൽ വ്യത്യസ്ത അടിസ്ഥാന നികുതി നിരക്ക് പ്രകാരം നിശ്ചയിച്ച സാഹചര്യം വ്യക്തമല്ല. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട നികുതി വാർഷിക വാടക മൂല്യത്തിന്റ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട മുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുമായി താരതമ്യം ചെയ്യുമ്പോൾ അസ്വാഭാവികമായ വ്യതിയാനം ഉണ്ടാകുമ്പോൾ കെട്ടിടത്തിന് ഘടനാപരമായ വ്യതിയാനം ഉണ്ടായിട്ടുണ്ടോയെന്നും വാർഷിക വാടക മൂല്യം ശരിയായി കണക്കാക്കിയാണോ മുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന നികുതി കണക്കാക്കിയിരുന്നതെന്നും വിശദമായ പരിശോധന ആവശ്യമാണ്. അല്ലാത്ത പക്ഷം പുതിയ നിരക്കിൽ കണക്കാക്കിയ നികുതി നിലവിലുണ്ടായിരുന്ന നികുതിയുടെ 100% ൽ പരിമിതപ്പെടുത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന് വലിയ നഷ്ടമുണ്ടാകും. മേൽ കെട്ടിടത്തിന്റെ കാര്യത്തിൽ ഇപ്രകാരമുള്ള പരിശോധന നടത്തേണ്ടതാണെന്ന് 30.8.17ൽ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.12)ആവശ്യപ്പെട്ടിരുന്നു. കൂടാതെ താഴെപ്പറയുന്ന മറ്റ് അപാകതകളും വിശദീകരണത്തിനായി ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

1-326A എന്ന നമ്പരിലുള്ള കെട്ടിടത്തിന്റെ 238 ച.മി ഭാഗത്ത് നിന്നും വിഭജിച്ച് 32 ച.മി ഭാഗത്തിന് പ്രത്യേക നമ്പർ

നൽകിയപ്പോൾ ഉടമസ്ഥന്റെ പേരും മാറ്റിയതായി കാണുന്നു. ഉടമസ്ഥാവകാശം എപ്രകാരമാണ് മാറ്റിയതെന്ന് വ്യക്തമായിരുന്നില്ല.

2-കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം എല്ലാ നിലകളിലും കൂടിയുള്ള ആകെ വിസ്തീർണ്ണം 688.27 ച.മീ. ആണ്. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയതായി കാണിച്ചിട്ടുള്ളത് 328 ച.മി മാത്രമാണ്. ബാക്കി ഭാഗത്തിന്റെ നിർമ്മാണം നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിലെ ഓരോ മുറികൾക്കും പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്നും വ്യക്തമായിരുന്നില്ല.

ഇത് സംബന്ധമായ മറുപടിയിൽ മേൽകെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ഒരേ അടിസ്ഥാന വസ്തുനികുതിയുടെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കുന്നതാണെന്നും എങ്കിലും പുതുക്കിയ വസ്തു നികുതിയിൽ പരിമിതപ്പെടുത്തൽ നടത്തുന്നത് മൂലം നികുതിയിൽ വ്യത്യാസം ഉണ്ടാകുന്നില്ലയെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് അപാകതകളിന്മേൽ രേഖാമൂലം വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും പല കെട്ടിടങ്ങളിലും ഉണ്ടായിട്ടുള്ള ഘടനാപരമായ മാറ്റം ബോധ്യപ്പെടുന്നതിന് ഫലപ്രദമായ സംവിധാനം ഇല്ലാത്തതിനാൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാവുന്ന കൂടിയ നികുതി പഴയ നിരക്കിന്റെ 100% എന്ന വർദ്ധനവിൽ മാത്രമായി പരിമിതപ്പെടുത്തുന്നത് മൂലം ഗ്രാമപഞ്ചായത്തിന് വലിയ നഷ്ടമുണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ജാഗ്രതാ പൂർണ്ണമായ സമീപനം ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം നികുതി നിരക്ക് പഴയ നിരക്കിന്റെ നിശ്ചിത ശതമാനത്തിൽ മാത്രം പരിമിതപ്പെടുത്തൽ നടത്തിയ കെട്ടിടങ്ങളിൽ ഘടനാപരമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധന നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-3 ഭാഗീകമായി പൂർത്തീകരിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തുനികുതി ചുമത്തുന്നത്-തുടർ നിർമ്മാണങ്ങൾ നിരീക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ചില കെട്ടിടങ്ങൾക്ക് ഭാഗീകമായി പൂർത്തീകരിച്ച കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തിയതായി കാണുന്നു. എന്നാൽ ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരമുള്ള ബാക്കി നിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം കൃത്യമായി ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്നതായോ ഗ്രാമപഞ്ചായത്ത് തലത്തിൽ ആവശ്യമായ നിരീക്ഷണം നടത്തുന്നതായോ കാണുന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയോടൊപ്പം ബാധകമായ വർദ്ധനവ് കൂടി വരുത്തേണ്ട മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമെങ്കിൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടതും ഭാഗീകമായ പൂർത്തീകരണത്തിന് ശേഷമുള്ള നിർമ്മാണ ഭാഗത്തിന് കൂടി നികുതി നിശ്ചയിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്(ഉദാഹരണം-മാർഗ്രീഗോറിയോസ് മെമ്മോറിയൽ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് വക 2-ം വാർഡിലെ 3A,3B നമ്പരിലുള്ള കെട്ടിടങ്ങൾ).

മേൽ വിഷയം 31.8.2017ൽ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.16)ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ലഭ്യാമാക്കിയ മറുപടിയിൽ ഇപ്രകാരമുള്ള തുടർ നിരീക്ഷണങ്ങൾ നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എങ്കിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സുവ്യക്തമായ രീതിയിൽ പ്രതിപാദിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.12.15 ലെ 12900/ആർ.എ 1/2015/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല പെർമിറ്റ് ഫയലും ഇതിനോടനുബന്ധമായ വസ്തുനിർണ്ണയ ഫയലും സൂക്ഷിച്ചിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത സർക്കുലറിലെ ക്രമ നമ്പർ 7,8,13,22,23 എന്നിങ്ങനെയുള്ള ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഭാഗീകമായ കംപ്ലീഷന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തിയ എല്ലാ കെട്ടിടങ്ങളുടേയും വിവരം പ്രത്യേകം ശേഖരിക്കേണ്ടതും അവസാന പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള ബാധകമായ വർദ്ധനവ് കൂടി പരിഗണിച്ച് വസ്തുനികുതി പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-3-4 വസ്തുനികുതി പരിഷ്കരണം-ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയ അധിക ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 24.2.15ലെ സ.ഉ.(അ)നം.36/2015/തസ്വഭവ പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ കോമ്പൗണ്ടിലെ ഓഡിറ്റോറിയങ്ങൾ, ആയുർവ്വേദ സുഖചികിൽസാ കേന്ദ്രങ്ങൾ മുതലായ ഗണത്തിൽ ഉൾപ്പെട്ട കെട്ടിട വിഭാഗങ്ങൾക്ക് ചുമത്താവുന്ന കൂടിയതും കുറഞ്ഞതുമായ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ വിഭാഗത്തിൽ ഉൾപ്പെട്ട കങ്ങഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ

നികുതി, പഞ്ചായത്ത് കമ്മറ്റിയുടെ 17.12.16ലെ 15-ാം നമ്പർ തീരുമാനത്തിലൂടെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിരക്ക് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തി ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം നൽകി അന്തിമ വിജ്ഞാപനത്തിലൂടെ നിയമ പ്രാബല്യം നൽകിയതായി കാണുന്നില്ല. ഇപ്രകാരം നിയമ പ്രാബല്ല്യമില്ലാതെ നികുതി നിരക്ക് നിശ്ചയിച്ചത് ക്രമപ്രകാരമല്ല. മേൽ വിവരിച്ച ഗണത്തിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഹിതം ഈ വിഷയത്തിൽ മറുപടി നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.18)നൽകിയതിൽ, വസ്തുനികുതി നിരക്ക് സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തി ആക്ഷേപം സ്വീകരിക്കുന്നതിനുള്ള സമയം നൽകി അന്തിമ വിജ്ഞാപനം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-5 വസ്തുനികുതി പരിഷ്കരണ നടപടികളിലെ പുരോഗതി

ഗ്രാമപഞ്ചായത്തിൽ 14.1.2011ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.20/2011 പ്രകാരമുള്ളതും തുടർന്ന് നിരവധി സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ടതുമായ നടപടിക്രമങ്ങൾ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നടപടികളുടെ ഭാഗമായി ആകെ 6530 കെട്ടിടങ്ങളുടെ നികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനായി ഫോറം 6 ജനറേറ്റ് ചെയ്ത് ഡിജിറ്റൽ സൈൻ ചെയ്തിട്ടുണ്ട്. ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തുനികുതി നിരക്കും 5% വസ്തുനികുതിയിന്മേലുള്ള സർച്ചാർജ്ജും ഉൾപ്പടെ (ജലവിതരണം-3%, തെരുവ് വിളക്ക്-2%) നിശ്ചയിച്ച് നോട്ടിഫിക്കേഷനിലൂടെ നിയമപ്രാബല്യം നൽകിയിട്ടുണ്ട്(ഭേദഗതി പ്രകാരമുള്ള വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ഒഴികെ). നാളിതുവരെ 9733 രസീതുകൾ സഞ്ചയയിലൂടെ മാപ്പിംഗ് നടത്തിയിട്ടുണ്ട്(95.05 %). സാംഖ്യ/സഞ്ചയ സോഫ്റ്റ്‌വെയറുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്/കളക്ഷൻ തുകകളിൽ നേരിയ വ്യത്യാസം നിലനിൽക്കുന്നു. ആകെ 1,19,010/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നതിൽ 62,922/-രൂപയുടെ വ്യതിയാനത്തിന് കാരണമായിട്ടുള്ളത് എസ്സാർ ടെലിക്കമ്മ്യൂണിക്കേഷൻ കമ്പനിയുടെ മൊബൈൽ ടവ്വറിന്റെ നികുതി ഡിമാന്റ്ഡ്രാഫ്റ്റായി വരവ് വന്നത് കാലാവധി കഴിഞ്ഞത് മൂലം അക്കൗണ്ടിൽ ക്രെഡിറ്റ് വരാത്തത് മൂലമാണ്. 31.3.2017 പ്രകാരം വസ്തുനികുതി ഇനത്തിൽ ആകെ 50.64 ലക്ഷം രൂപ കുടിശ്ശിക ഉണ്ടായിരുന്നെങ്കിലും ആയത് 22 ലക്ഷം ആയി കുറഞ്ഞിട്ടുള്ളതായി പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ വ്യക്തമാക്കുന്നു. ഓഡിറ്റ് തീയതിയിലെ സ്ഥിതി പ്രകാരമുള്ള കുടിശ്ശിക കണക്കുകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2012-13 | 41,703/- |
| 2013-14 | 2,96,878/- |
| 2014-15 | 2,96,188/- |
| 2015-16 | 5,94,607/- |
| 2016-17 | 9,70,693/- |
| ആകെ | 22,00,069/- |

പഞ്ചായത്തിലെ ആകെയുള്ള 6530 കെട്ടിടങ്ങളിൽ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് നികുതി നിശ്ചയിച്ചിരുന്നതിൽ 2784 കെട്ടിടങ്ങൾക്ക് മാത്രമാണ് ഘടനാപരമായ മാറ്റം വരുത്തിയിട്ടുള്ളതെന്നാണ് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇതിന്റെ ആധികാരികത വ്യക്തമല്ല.സഞ്ചയയിലൂടെയുള്ള ഡിമാന്റ് ഭാഗം കൃത്യമാക്കൽ,വിട്ടുപോയ കെട്ടിടങ്ങളെ ഉൾപ്പെടുത്തൽ, ഭേദഗതികൾ പ്രാബല്യത്തിൽ വരുത്തൽ, ഘടനാപരമായ മാറ്റം വന്നിട്ടുള്ള കെട്ടിടങ്ങളുടെ കൃത്യമായ വിവരം ശേഖരിക്കൽ, കളക്ഷൻ വിവരങ്ങൾ കൃത്യമാക്കൽ തുടങ്ങിയവ സംബന്ധമായി പഞ്ചായത്ത് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എല്ലാ നടപടികളും പൂർത്തീകരിച്ച് സാംഖ്യ/സഞ്ചയ സോഫ്റ്റ്‌വെയറുകളിലൂടെ ലഭ്യമാവുന്ന കണക്കുകളും റിപ്പോർട്ടുകളും പൊരുത്തപ്പെടുത്തേണ്ടതും കൃത്യമായ വിവരങ്ങളുടെ അഭാവം മൂലമുള്ള നികുതി ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

കൂടാതെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച നടപടികളുടെ കമ്പ്യൂട്ടർവൽക്കരണത്തിലെ അപാകങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പരിഹാരനടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി മുൻവർഷങ്ങളിൽ ഓഡിറ്റിന് സമർപ്പിച്ചിരുന്ന വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള റിസീവബിൾ തുകയിലും നിലവിൽ സഞ്ചയ പ്രകാരം പ്രസ്തുത വർഷങ്ങളിലേയ്ക്കായി കണക്കാക്കി ജനറേറ്റ് ചെയ്യാവുന്ന റിസീബിൾ തുകയിലും മാറ്റം ഉണ്ടാകുന്നുണ്ട്. എങ്കിലും ഇപ്രകാരമുള്ള മാറ്റത്തിന്റെ കൃത്യമായ വിവരം അപഗ്രഥിച്ചുറപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ ആവശ്യമായ കുറിപ്പുകൾ സഹിതം ക്രോഡീകരിച്ച് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി ഇനത്തിൽ താരതമ്യേനെ കൂടിയ തുക

കുടിശ്ശികയായി നിലനിന്നിരുന്നത് കാര്യക്ഷമമായ നടപടികളിലൂടെ ഈടാക്കി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ 10 മൊബൈൽ ടവ്വറുകൾക്ക് നമ്പർ നൽകിയിട്ടുള്ളതിൽ 9/255 നമ്പരിലുള്ള എസ്സാർ ടെലിക്കോമിന്റെ ടവ്വറിന്റെ വാർഷിക വസ്തുനികതിയായ 14,300/-നിരക്കിലുള്ള 2013-14 മുതലുള്ള കുടിശ്ശികയും (ഡിമാന്റ് ഡ്രാഫ്റ്റ് ലഭിച്ചത് കാലാവധി കഴിഞ്ഞു) 14/321A നമ്പരിലുള്ള റിലയൻസ് സർവ്വീസസിന്റെ ടവ്വറിന്റെ 2013-14 മുതലുള്ള കുടിശ്ശികയും (വാർഷിക വസ്തു നികുതി-12,150/-രൂപ) 14/126A നമ്പരിലുള്ള ഇൻഡക്സ് ടവ്വേഴ്സിന്റെ 2016-17 രണ്ടാം അർദ്ധവർഷം മുതലുള്ള നികുതിയും (വാർഷിക വസ്തു നികുതി-11,684/-രൂപ) കുടിശ്ശികയായി അവശേഷിക്കുന്നു. അവശേഷിക്കുന്ന കുടിശ്ശിക തുക കൂടി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-4-1 ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി/ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | വിവേകാനന്ദ പബ്ലിക് സ്കൂൾ, പത്തനാട് | ജീവനക്കാരുടെ തൊഴിൽനികുതി | Ist & IInd Half |
| 2 | അക്ഷയ സെന്റർ | ജീവനക്കാരുടെ തൊഴിൽനികുതി | Ist & IInd Half |
| 3 | കെ.എസ്.ഇ.ബി. | സ്ഥാപന തൊഴിൽ നികുതി | Ist & IInd Half |
| 4 | ബി.എസ്.എൻ.എൽ. | സ്ഥാപന തൊഴിൽ നികുതി | Ist & IInd Half |
| 5 | സാൽവേഷൻ ആർമി മെഡിക്കൽ സെന്റർ, കങ്ങഴ | സ്ഥാപന തൊഴിൽ നികുതി | Ist & IInd Half |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (02/26.08.17) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4-2 സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്നു കാണുന്നു.വിശദാംശങ്ങൾ ചുവടെ.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇലക്കാട്ട് ഫൈനാൻസിയേഴ്സ്, പത്തനാട് |
| 2 | ഇടയപ്പാറ ഫൈനാൻസ്, മുണ്ടത്താനം |
| 3 | മാമ്മൂട്ടിൽ ബാങ്കേഴ്സ്, പത്തനാട് |
| 4 | പുതുപ്പറമ്പിൽ ഫൈനാൻസ്, ദേവഗിരി, കങ്ങഴ |
| 5 | ശ്രീ ഭദ്ര ഫൈനാൻസ്, പത്തനാട് |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/30.8.17) സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുകയുണ്ടായി. സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും

തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4-3 ഡി & ഒ ലൈസൻസ്-സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 സാമ്പത്തികവർഷം, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | എസ് എ ഇൻഡേൻ ഗ്രാമീൺ വിതരക്,XIV/314 | രേഖപ്പെടുത്തിയിട്ടില്ല. |
| 2 | കരിമല ഗ്രാനൈറ്റ്സ്,XV/34 | 10 |
| 3 | കരിമല ഗ്രാനൈറ്റ്സ്,XV/92 | 20 |
| 4 | എം എം ഗ്രാനൈറ്റ്സ്,XIV/98 | 09 |
| 5 | എ കെ ആർ ബ്രിക്സ് & ഗ്രാനൈറ്റ്സ്,VII/23A | 06 |
| 6 | ചേന്നാട്ട് ഫ്യൂവൽസ്,VII/22 | 05 |
| 7 | സെന്റ് മേരീസ് ഇൻഡസ്ട്രീസ്,XV/78 | 05 |
| 8 | റോബിൻ പെട്രോളിയം,III/349 | 08 |
| 9 | സെന്റ് മേരീസ് ഗ്രാനൈറ്റ്സ്,I/153 | 05 |
| 10 | TOFCO,കങ്ങഴ,XIII/232 | 03 |
| 11 | സിനു വർഗ്ഗീസ്,മനയത്ത്,XII | രേഖപ്പെടുത്തിയിട്ടില്ല. |
| 12 | ഫ്രണ്ട്സ് റസ്റ്റോറന്റ് &കാറ്ററിംഗ് സർവ്വീസ്,XII/356A | 04 |

മേൽപരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/26.08.17) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് - ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും 2016-17 സാമ്പത്തികവർഷം സ്ഥാപനത്തിന്റെ വിറ്റുവരവ് സംബന്ധിച്ച് അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല (കേ.പ.രാ.സെക്ഷൻ 232,ചട്ടം 7). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ/സ്ഥാപനത്തിന്റെ പേര് | അപേക്ഷയോടൊപ്പം കാണിച്ചിട്ടുള്ള വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് | ഈടാക്കിയ ലൈസൻസ് | കുറവ് |
|---|---|---|---|---|---|

| | | (രൂപയിൽ) | ഫീസ് | ഫീസ് | |
|---|---|---|---|---|---|
| 1 | സ്വരൺജിത്ത് ലാൽ സി.എസ്., ചേന്നാട്ട് ഫ്യൂവൽസ് | 1,25,000/- | 4,000/- | 1,000/- | 3,000/- |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (01/26.08.2017) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് ഇനത്തിൽ കുറവു വന്ന തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ലൈസൻസ് ഫീസ് ഇനത്തിൽ കുറവു വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പഞ്ചായത്ത് മിച്ച ഫണ്ട് ആദായകരമായി നിക്ഷേപിക്കുന്നത്-സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് എന്ന് വിശേഷിപ്പിക്കാവുന്ന തുകകൾ താഴെപ്പറയുന്ന എസ്.ബി.അക്കൗണ്ടുകളിലാണ് നിക്ഷപിക്കപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അക്കൗണ്ട് നം. | 31.3.17ലെ ബാലൻസ് | ഓഡിറ്റ് തീയതിയിലെ ബാലൻസ് |
|---|---|---|---|
| കങ്ങഴ സർവ്വീസ് സഹകരണ ബാങ്ക് | 59 | 68,69,720.74 | 52,92,290.74 |
| എസ്.ബി.ഐ ഇടയരിക്കപ്പുഴ | 67291303561 | 10,42,236.70 | 9,14,610.70 |
| എസ്.ബി.ഐ ഇടയരിക്കപ്പുഴ (ഇ-പേയ്മെന്റ്) | 36813729104 | -- | 19,452 |
| സബ്ബ് ട്രഷറി, കറുകച്ചാൽ(ജനറൽ പർപ്പസ് ഗ്രാന്റ്) | 708061400000005 | 22,26,745 | 40,02,579 |

മേൽ വിവരിച്ച പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിനുള്ള എസ്.ബി.അക്കൗണ്ടുകളിലായി ശരാശരി 1 കോടിയോളം രൂപ പ്രതിദിന ബാലൻസായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകയിൽ അനിവാര്യച്ചെലവുകൾക്കും അടിയന്തിരച്ചെലവുകൾക്കും പുറമെയുള്ള തുക(മിച്ച ഫണ്ട്) കണക്കാക്കി പഞ്ചായത്ത് മിച്ച ഫണ്ട് സൂക്ഷിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം ആദായകരമായ രീതിയിൽ സ്ഥിര നിക്ഷേപമാക്കിയാൽ പഞ്ചായത്തിന് നികുതിയേതര ഇനത്തിൽ ഒരു വരുമാന മാർഗ്ഗമാകുന്നതാണ്. ഇക്കാര്യം പഞ്ചായത്ത് കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനും തുടർ നടപടികൾക്കായും ഓഡിറ്റ് എൻക്വയറിയിലൂടെ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. ഇക്കാര്യം പരിഗണിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ഇ-ടെൻഡർ -ടെൻഡർഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ ചുവടെ ചേർക്കുന്ന വേലകളുടെ ടെൻഡർ ഫോറവില (5% വാറ്റ് ഉൾപ്പെടെ) കരാറുകാർ ഓൺലൈനായി എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ആയതിൽ ഫോറവിലയിനത്തിലുള്ള തുക നാളിതുവരെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ടെൻഡറുകളുടെ എണ്ണം | ടെൻഡർതുക+5% വാറ്റ് |
|---|---|---|---|
| കുന്നംവേങ്ങ-പാതിപ്പാലം റോഡ്ടാറിംഗ് | 7,99,618/- | 1 | 1680/- + 84 |
| അമ്പാനി-കാവുണ്ണി റോഡ് ടാറിംഗ് | 6,58,267 | 2 | 1470+74<br>1470+74 |

മേൽതുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് ടാറിംഗ് - കൂടിയ നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 85/2016-17 |
| പ്രോജക്ട് | വടക്കേടത്തുപടി-രാമാട്ടം റോഡ് റീടാറിംഗ് |
| ചെലവ് | 2,50,452/- |
| ബിൽ നമ്പർ | 36/29.3.17 |

പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ടെൻഡർ ക്ഷണിച്ചതിൽ ലഭ്യമായ ടെൻഡറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് | സമർപ്പിച്ച തീയതി |
|---|---|---|
| ജോർജ് തോമസ് | 7.2% കുറവ് | 27.2.16 |
| പി.എൻ.സുകുമാരൻനായർ, | 4% കുറവ് | 26.2.16 |
| ഫിലിപ്പ് തോമസ് വലയാത്ത്, മണിമല | 10.76% കുറവ് | 27.2.16 |

മേൽ പരാമർശിച്ചതിൽ ശ്രീ.ജോർജ് തോമസ് എന്ന കരാറുകാരൻ സമർപ്പിച്ച ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന് സെലക്ഷൻനോട്ടീസ് നൽകുകയും 27.12.16-ൽ ടിയാനുമായി പ്രാഥമിക കരാറിലേർപ്പെടുകയും ചെയ്തു. 10.76% കുറവ് രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിക്കാതെ 7.2% മാത്രം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച് നൽകിയതായി കാണുന്നു. ടെണ്ടർ രജിസ്റ്ററിൽ 10.76% കുറവ് രേഖപ്പെടുത്തിയ കരാറുകാരൻ നിരതദ്രവ്യം ഒടുക്കിയത് കുറവാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (50/-രൂപയുടെ കുറവ്). എന്നാൽ പഞ്ചായത്ത് കമ്മറ്റിയുടെ 11.01.17 ലെ 4-ാം നമ്പർ തീരുമാനത്തിലൂടെ 8 ടെണ്ടറുകൾ അംഗീകരിച്ചതിൽ പ്രസ്തുത പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞനിരക്കിലുള്ള (10.76 % കുറവ്) ടെണ്ടർ അംഗീകരിച്ചതായിട്ടാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്ത്കമ്മിറ്റിയുടെ തീരുമാനത്തിനും പൊതുമരാമത്ത് ചട്ടങ്ങൾക്കും വിരുദ്ധമായി കൂടിയ നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.4/29.8.17)കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന ശ്രീ.ഫിലിപ്പ് തോമസ് എന്ന കരാറുകാരൻ ഇ.എം.ഡി. അടവാക്കിയത് കുറവായിരുന്നതിനാൽ ശ്രീ.ജോർജ്ജ് തോമസിന്റെ 7.2% കുറഞ്ഞ നിരക്കിലുള്ള ടെൻഡറാണ് കമ്മിറ്റി അംഗീകരിച്ചിരുന്നതെന്ന് മറുപടി നൽകി. എന്നാൽ സകർമ്മക സോഫ്റ്റ്വെയറിൽ ഡേറ്റ എൻട്രി വരുത്തിയപ്പോൾ വന്ന പിശകുമൂലമാണ് ഫിലിപ്പ് തോമസിന്റെ ടെൻഡർ അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തൽ വന്നതെന്നും വിശദീകരിക്കുകയുണ്ടായി.

ജി.ഒ.(പി) 13/2012/PWD/1.2.12 പ്രകാരം പുതുക്കിയ പൊതുമരാമത്ത് മാനുവലിലെ ഖണ്ഡിക 2009.2 അനുസരിച്ച്, ടെൻഡറിലെ നിസ്സാരമായ അപാകതകൾ ടെൻഡർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ട്. ആയതിനാൽ ഇ.എം.ഡി അടവാക്കിയതിൽ കേവലം 50 രൂപയുടെ കുറവുണ്ടെന്ന കാരണത്താൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ തള്ളി പഞ്ചായത്തിന് 9,500/- രൂപയോളം നഷ്ടം വരുത്തിയ നടപടി ക്രമപ്രകാരമല്ല. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 3-2 മൊബൈൽ ഫോൺ മാപ്പിംഗ് -തുടർനടപടികൾ പൂർത്തിയായിട്ടില്ല

വൗച്ചർ നം.21600781തീ: 24.5.16 പ്രകാരം 9,980/- രൂപ ചെലവഴിച്ച് Asus Zenfon Max മോഡലിലുള്ള മൊബൈൽഫോൺ പഞ്ചായത്തിൽ വാങ്ങിയിട്ടുണ്ട് (സ.ഉ(സാധാ)1774/16 തസ്വഭവ തീയതി 24.5.16 പ്രകാരം). കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം വികസിപ്പിച്ച m-asset എന്ന ആപ്ലിക്കേഷൻ വഴി പഞ്ചായത്തിലെ ആസ്തികളുടെ മാപ്പിംഗ് നടത്തുന്ന ആവശ്യത്തിനാണ് ഫോൺ വാങ്ങിയത്. ഫോൺ ഉപയോഗപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.10) മറുപടിയിൽ തുടർനിർദ്ദേശങ്ങൾ ലഭ്യമാകാത്തതിനാൽ പൂർണ്ണമായും ഉപയോഗയോഗ്യമായില്ലായെന്നും നിലവിൽ എം.ജി.എൻ.ആർ.ഇ.ജി.എസുമായി ബന്ധപ്പെട്ട ജിയോമാപ്പിംഗിനായി ഉപയോഗിക്കുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. തുടർനിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആസ്തികളുടെ മാപ്പിംഗിനായി മൊബൈൽ ഫോൺ പ്രയോജനപ്പെടുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി.പി പ്രോജക്ടുകൾ

അപാകതകൾ

1) 2016-17 വർഷം സമ്പൂർണ്ണ പുനരധിവാസ പദ്ധതി പ്രകാരം, ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനുമായി ധനസഹായം കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ തുക | ആവശ്യം |
|---|---|---|---|---|---|
| 1 | 30/16-17 | 3,00,000 | രതീഷ്, തൊട്ടയിൽ | 1,50,000 | 3 സെന്റ് സ്ഥലം വാങ്ങുന്നതിന് |
| 2 | 30/16-17 | | ശിവദാസ് കെ.എസ്. | 1,50,000 | 3 സെന്റ് സ്ഥലം വാങ്ങുന്നതിന് |
| 3 | 16/16-17 | 6,00,000 | കുട്ടപ്പൻ സി.ഡി. | 1,50,000 | ഭവനനിർമ്മാണം |

മേൽപറഞ്ഞിട്ടുള്ള ഗുണഭോക്താക്കളും മുൻവർഷങ്ങളിൽ ഇതേ ആവശ്യത്തിന് ഭാഗികമായി മാത്രം ധനസഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ച് പദ്ധതിലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) ആശ്രയ വിഹിതം നൽകിയത്--തുക വിനിയോഗിച്ചിട്ടില്ല

പ്രോജക്ട് നം.19/16-17 പ്രകാരം, 2,93,748 രൂപയും പ്രോജക്ട് നം.32/16-17 പ്രകാരം 2,50,000 രൂപയും ഉൾപ്പെടെ ആകെ 5,43,748 രൂപ വിവിധ ആശ്രയ പദ്ധതി ഘടകങ്ങൾക്കായി ഇതിനായുള്ള അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 2,50,000 രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. തുക യഥാവിധി വിനിയോഗിച്ച് വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-4 വെള്ളക്കരം അടവ് - കണക്കുകളിൽ അവ്യക്തത, 2011-നുശേഷം സംയുക്തപരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഓരോ മാസവും പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പൊന്നിന് പ്രതിമാസം 437 രൂപ 50 പൈസ നിരക്കിൽ 154 ടാപ്പുകൾക്കായി ആകെ 67,375/-രൂപയാണ് അടവാക്കിപ്പോരുന്നത്. 2011 ഫെബ്രുവരി മാസത്തിൽ നടത്തിയ സംയുക്തപരിശോധനയിൽ ടാപ്പുകളുടെ എണ്ണം 154 എന്ന് തിട്ടപ്പെടുത്തിയതിനുശേഷം നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല.

2016-17 വർഷം വെള്ളക്കരം അടവാക്കുന്നതിനായി റോഡിതര സംരക്ഷണഗ്രാന്റ് 6,73,750/-രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം കിട്ടുകയും 4,04,250/-രൂപ പ്രോജക്ട് പ്രകാരം വാട്ടർ അതോറിറ്റിക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. 10/2016 മുതൽ 3/2017 വരെയുള്ള 6 മാസത്തെ തുകയാണ് ഇപ്രകാരം അടവാക്കിയിട്ടുള്ളത്. കൂടാതെ 4/2016 മുതൽ 9/2016 വരെയുള്ള 6 മാസത്തെ തുകയായ 4,04,250/- (6*67375) അടവാക്കുന്നതിനായി അതാത് മാസങ്ങളിൽ തനതുഫണ്ടിൽനിന്നും സെൽഫ്ചെക്ക് പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുടെ 4.1.17-ലെ KWA/RMC/R2/10/2013 നമ്പർ റിപ്പോർട്ട് പ്രകാരം 4/16 മുതൽ 9/16 വരെയുള്ള കാലയളവിൽ ആകെ 2,69,500/- മാത്രമേ അടവാക്കിയിട്ടുള്ളൂ. അതോറിറ്റിയുടെ കണക്കുപ്രകാരം 5/16, 8/16 മാസങ്ങളിലെ തുക അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ കൃത്യമായി ക്രമീകരിച്ചിട്ടില്ലാത്തതിനാൽ അടവിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടിട്ടില്ല.

തൻവർഷം ആകെ 8,08,500/-രൂപ വെള്ളക്കരം അടവാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്ക് പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ആകെ 1,34,750 രൂപ മാത്രമാണ് ഈയിനത്തിലുള്ള ചെലവ്. മാത്രമല്ല വെള്ളക്കരമിനത്തിൽ വാർഷികകണക്കുപ്രകാരമുള്ള ചെലവ്, വരവുചെലവ് പത്രികപ്രകാരമുള്ള ചെലവുമായും പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ടാപ്പുകളുടെ എണ്ണം 154 ആയി തിട്ടപ്പെടുത്തിക്കൊണ്ടുള്ള സംയുക്തപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വെള്ളക്കരമിനത്തിലുള്ള കണക്കിലെ പൊരുത്തക്കേടുകൾക്കുള്ള കാരണം വ്യക്തമാക്കേണ്ടതും 2016-17 വർഷം ഈയിനത്തിൽ അടവാക്കിയ തുകയുടെ കൃത്യമായ കണക്ക് വിശദാംശങ്ങൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരമിനത്തിലുള്ള അധികച്ചെലവ് ഒഴിവാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 തെരുവുവിളക്ക് മെയിന്റനൻസ് -പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 67/16-17 |
| അടങ്കൽ | 1,00,000/-(തനതുഫണ്ട്) |
| ചെലവ് | 1,00,000/-(വൗ. നം.21601058/28.1.17) |

പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ കേടായ സി.എഫ്.എൽ വഴിവിളക്കുകൾ നന്നാക്കി പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (ഒരു പോസ്റ്റിന് 420/-രൂപ) ശ്രീ.എം.എസ്.രാജു എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ച് (പഞ്ചായത്ത് കമ്മിറ്റിയുടെ 17.12.16ലെ 21-ാം നമ്പർ തീരുമാനം) ടിയാനെ പ്രവൃത്തി ഏൽപ്പിച്ചു. വിവിധ വാർഡുകളിലായി 240 ലൈറ്റുകൾ നന്നാക്കിയ ഇനത്തിൽ പോസ്റ്റ് ഒന്നിന് 420/- രൂപ നിരക്കിൽ ആകെ 1,00,800/-ചെലവു വന്നത് അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി 1,00,000/-രൂപ ടിയാന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക്പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്തുഡയറക്ടറുടെ 17-8-15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2)ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല.

3)ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റു നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ അനുമതി വാങ്ങിയിട്ടില്ല.

5)ഓരോ വാർഡിലും ഏതൊക്കെ പോസ്റ്റുകളിലാണ് വിളക്കുകൾ നന്നാക്കി സ്ഥാപിച്ചിട്ടുള്ളതെന്നും വാർഡ് തലത്തിൽ മെമ്പർമാർ ഉൾപ്പെട്ട മോണിറ്ററിംഗ്സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമസഭകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ പല വാർഡുകളിലും പ്രവർത്തനക്ഷമമല്ലാത്ത നിരവധി തെരുവുവിളക്കുകൾ ഉള്ളതായും അവ നന്നാക്കുന്നത് സംബന്ധിച്ചും പരാമർശിച്ചുകാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ആയിരിക്കേണ്ടതാണ്.

## 3-6 സ്കൂൾ/അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന - അപാകതകൾ

എ) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിച്ചു

പൊതുവിദ്യാഭ്യാസവകുപ്പിന്റെ 1.6.2007ലെ ജി.ഒ.(ആർ.ടി)2427/2007 നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എൻജിനീയർമാർ സ്കൂളുകളിൽ പരിശോധന നടത്തേണ്ടതും കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 2016-17 വർഷം, ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന സംബന്ധിച്ച ഫയലിൽ 2015-16, 2016-17, 2017-18 വർഷങ്ങളിലെ അപേക്ഷകൾ ഒരുമിച്ച് സൂക്ഷിച്ചിരിക്കുന്നതായാണ് കാണുന്നത്. ഓരോ സ്കൂളും എല്ലാ വർഷവും ഫിറ്റ്നസിനുള്ള അപേക്ഷ

നൽകിക്കാണുന്നമില്ല. അപേക്ഷകൾ ക്രമ നമ്പരിട്ട് സൂക്ഷിച്ചിട്ടില്ലാത്തതും നൽകിയ സാക്ഷ്യപത്രത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ലാത്തതും കാരണം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂൾ കെട്ടിടങ്ങളെയും സുരക്ഷാ പരിധോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളുടേയും (സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് ഉൾപ്പെടെ) ഫിറ്റ്നസ് പരിശോധന അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപായി നടത്തേണ്ടതും ഇത് സംബന്ധിച്ച അപേക്ഷകൾ സാക്ഷ്യപത്രത്തോടൊപ്പം വർഷം തിരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

ബി) <u>ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസ് ശരിയായ ശീർഷകത്തിൽ അടവാക്കിയില്ല</u>

പഞ്ചായത്ത് പരിധിയിലുള്ള സ്കൂൾകെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വപരിശോധനയുമായി ബന്ധപ്പെട്ട് ഈടാക്കുന്ന ഫീസ് 0515-00-800-93 എന്ന കണക്ക് ശീർഷകത്തിലാണ് അടവാക്കേണ്ടത്. എന്നാൽ ഇ.എ എൽ.പി.സ്കൂൾ, ഇലവുങ്കൽ, കഞ്ഞഴ എന്ന സ്ഥാപനം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസ് 8782-102-97-PWD (III) എന്ന ശീർഷകത്തിൽ അടവാക്കിക്കാണുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

സി) <u>അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വപരിശോധന നടത്തി ഫിറ്റ്നസ് സാക്ഷ്യപത്രം നൽകിയിട്ടില്ല</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും സുരക്ഷിതത്വം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2016-17 വർഷം, ഗ്രാമപഞ്ചായത്തിലെ 21 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്.

അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് 31.8.17ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ബന്ധപ്പെട്ട അങ്കണവാടികൾ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടില്ലായെന്ന് മറുപടി നൽകി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടി കെട്ടിടങ്ങളുടെയും സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 <u>ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല - 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| പ്രോജക്റ്റ് നം. | 25/16-17 |
| അടങ്കൽ | 2,00,000/-(റോഡിതര സംരക്ഷണഗ്രാന്റ്) |
| ചെലവ് | 2,00,000/-(ബിൽ നം.- 18/31-1-2/17/ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2016-17 വാർഷികപദ്ധതിയിൽപ്പെടുത്തി പ്രോജക്റ്റിന് അംഗീകാരം ലഭിക്കുകയും റോഡിതരസംരക്ഷണഗ്രാന്റിൽനിന്നും ചുവടെചേർക്കും പ്രകാരം 2,00000/- രൂപ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് കൈമാറുകയും ചെയ്തിരുന്നു.

| തുക | ഡി.ഡി.നമ്പർ |
|---|---|
| 49,500/- | 330851/2.2.17 |
| 49,500/- | 330852/2.2.17 |
| 49,500/- | 330853/2.2.17 |
| 49,500/- | 330854/2.2.17 |
| 2,000/- | 330885/2.2.17 |

കൈമാറിയ തുക സ്ഥാപനം കൈപ്പറ്റിയതിന്റെ രേഖകളും മരുന്നുകൾ ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമായിരുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് തടസ്സപത്രികയ്ക്ക്(എൻക്വയറി

നം.5) മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. മരുന്നുകൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ ഒന്നാം ഘട്ട തുക പരിചരണ സേവനങ്ങൾക്കായി പൂർണ്ണമായി വിനിയോഗിച്ചില്ല

കഞ്ഞഴ ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ (സി.ഡി.എസ്-രജി.നം.K 280/2003) യുടെ 31.3.17ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ആശ്രയ ഒന്നാം ഘട്ടത്തിലേയ്ക്കായി ലഭിച്ച ചലഞ്ച് ഫണ്ട്/പദ്ധതി വിഹിതം ഉൾപ്പെടയുള്ള തുകയിൽ 11,57,674/-രൂപയും ആശ്രയ രണ്ടാം ഘട്ടത്തിന് വേണ്ടി ലഭിച്ച തുകയിൽ 6,99,307/-രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നു. ഇതിൽ തൻവർഷം കൈമാറിയ തുകയും ഉൾപ്പെടുന്നു. അഗതി/ആശ്രയ ഗുണഭോക്താക്കളുടെ ക്ലേശ ഘടകങ്ങൾ പൂർണ്ണമായി പരിഹരിക്കാത്ത സ്ഥിതിക്ക് പരിചരണ സേവനങ്ങൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത് പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ മൂലമാണ്. ആശ്രയ/അഗതി പ്രോജക്ടുകളിലൂടെ ഫലപ്രദമായ രീതിയിൽ പരിചരണ സേവനങ്ങൾ നൽകാൻ കഴിയുന്ന വിധം ഒന്നാം ഘട്ട റീ വിസിറ്റ് ഉൾപ്പടെയുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതും തുടർ പദ്ധതി നടത്തിപ്പ് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-9 ജലനിധിപദ്ധതി--അവലോകനം

കഞ്ഞഴ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള 24 ബനിഫഷരി ഗ്രൂപ്പുകൾ അടിസ്ഥാനമാക്കി ജലനിധി പദ്ധതിയിലൂടെ ഏറ്റെടുത്തിട്ടുള്ള ജലവിതരണ പ്രവൃത്തികളുടെ ആകെ അടങ്കൽ 6.87 കോടി രൂപയാണ്. പ്രസ്തുത തുകയുടെ സാങ്കേതികാനുമതിയാണ് എല്ലാ പ്രവൃത്തികൾക്കുമായി ലഭിച്ചിട്ടുള്ളത്. ഇതിൽ 10% അതാത് ബനിഫിഷരി ഗ്രൂപ്പുകളുടെ വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും ബാക്കി 75 % സർക്കാർ വിഹിതവുമാണ്(0.69+1.03+5.15).ജലനിധി പദ്ധതിയുടെ ഭാഗമായ പ്രവൃത്തികളിൽ ഭൂരിപക്ഷവും പുതിയ ജലവിതരണ സ്കീമുകളും നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുമാണ്.പ്രസ്തുത സ്കീമുകളുടെ നടത്തിപ്പിനായി വകയിരുത്തിയിരുന്ന തുകയിൽ നാളിതുവരെ 91.96 ശതമാനം വിനിയോഗിച്ച് ഭൗതീക ലക്ഷ്യത്തിന്റെ 99.69 ശതമാനം കൈവരിച്ചതായാണ് ഇത് സംബന്ധമായി ഓഡിറ്റിൽ ഹാജരാക്കിയ പ്രോഗ്രസ്സ് റിപ്പോർട്ട് വ്യക്തമാക്കുന്നത്(ചില സ്കീമുകളിൽ കുറഞ്ഞ തുക വിനിയോഗിച്ച് ലക്ഷ്യമിട്ട പ്രവൃത്തികൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.)

കേരള വോളന്ററി ഹെൽത്ത് സർവീസസ് (KVHS) എന്ന സഹായ സംഘടന മുഖേന ഏറ്റെടുത്ത് വരുന്ന ജലനിധി പദ്ധതികളുടെ ഭാഗമായി പ്രധാനമായും ഏറ്റെടുത്തിട്ടുള്ളത് ജലവിതരണ പദ്ധതികളാണെങ്കിലും ശുചിത്വ പദ്ധതികൾ, ഗ്രാമപഞ്ചായത്ത് ശാക്തീകരണ പ്രവൃത്തികൾ,(Capacity Building and GP Strengthening) സഹായ സംഘടനയ്ക്കുള്ള പ്രതിഫലം നൽകൽ തുടങ്ങിയവയ്ക്കായും തുക ചെലവ് ചെയ്തിട്ടുണ്ട്. 2017 ഡിസംബർ വരെയുള്ള വിശദാംശങ്ങൾ പരിശോധിച്ചതിൽ വിവിധയിനങ്ങളിലായി 6.79 കോടി രൂപ സമാഹരിച്ചതിൽ 6.66 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്(വർഷം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല). നാളിതുവരെ കമ്മീഷൻ ചെയ്യപ്പെട്ട 24 ജലവിതരണ പദ്ധതികളുടെ കാര്യക്ഷമമായ തുടർനടത്തിപ്പ്, സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ സുരക്ഷിതമായ പരിപാലനം എന്നിവ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി അതാത് ബനിഫിഷരി ഗ്രൂപ്പുകളുടെ ശേഷിയും സ്വയംപര്യാപ്തതയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ജലനിധി ഏജൻസിയും സഹായ സംഘടനയും പിൻവാങ്ങുന്ന ഘട്ടം (Exit Stage) ആയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തധികൃതർ ജാഗ്രത പുലർത്തേണ്ടതാണ്. ജലനിധി പദ്ധതിയുടെ നടത്തിപ്പിനായുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി വികസനഫണ്ടിൽ നിന്നും നാളിതുവരെ 1,02,26,590/-രൂപ കൈമാറിയിട്ടുള്ളതിനാൽ ജലനിധി പദ്ധതിയിലൂടെ ആർജ്ജിക്കാൻ കഴിഞ്ഞ ആസ്തികളുടെ സംരക്ഷണത്തിലും പൂർത്തീകരിച്ച പദ്ധതികളുടെ തുടർപരിപാലനം അതാത് ബനഫിഷരി ഗ്രൂപ്പുകൾ കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലും ഗ്രാമപഞ്ചായത്ത് തലത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6.9.16ലെ II(2)-ാംനമ്പർ തീരുമാനപ്രകാരം തൊഴിലുറപ്പുപദ്ധതിയുടെ 2016-17ലെ പുതുക്കിയ വാർഷിക കർമ്മപദ്ധതി അംഗീകരിച്ച തീരുമാനിച്ചു. അംഗീകാരം ലഭിച്ച 16-17ലെ വാർഷികപദ്ധതിയിൽ നടപ്പാതകളുടെ കോൺക്രീറ്റിംഗിനായുള്ള 10 മെറ്റീരിയൽ വർക്കുകളും ഉൾപ്പെട്ടിരുന്നു. പ്രസ്തുത പ്രവൃത്തികളെല്ലാം തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. കഞ്ഞഴ ഗ്രാമപഞ്ചായത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച സാമ്പത്തിക ഇടപാടുകൾ നടക്കുന്ന എസ്.ബി.ഐ, ഇടയിരക്കപ്പുഴ ശാഖയിലെ 67061344932 നമ്പർ അക്കൗണ്ടിൽ കൂടിയുള്ള 2016-17

ലെ സാമ്പത്തിക വിനിമയങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു(കാഷ് ബുക്ക് പ്രകാരമുള്ളത്).

| | |
|---|---|
| മുന്നിരിപ്പ് | 1,249 |
| വരവ് | |
| ഇ.എഫ്.എം.എസ് മുഖേന ലഭിച്ചത് | 67,26,213 |
| ഭരണച്ചെലവുകൾക്കായി ലഭിച്ചത് | 4,88,544 |
| ബാങ്ക് പലിശ | 1,409 |
| മറ്റിനം വരവുകൾ | 1,393 |
| ആകെ വരവ് | 72,17,559 |
| ആകെ | 72,18,808 |
| സ്കീം ചെലവുകൾ | |
| വേതനം | 54,33,940 |
| നിർമ്മാണ സാധനങ്ങളുടെ വില | 12,92,273 |
| ഭരണച്ചെലവുകൾ | |
| ശമ്പളം, ലീവ് സറണ്ടർ | 4,78,544 |
| ഫെസ്റ്റിവൽ അലവൻസ് | 4,800 |
| ടെണ്ടർ പരസ്യ ചാർജ് | 5,200 |
| ബാങ്ക് ചാർജ് | 6 |
| ആകെ ചെലവുകൾ | 72,14,763 |
| നീക്കിയിരിപ്പ് | 4,045 |

(18,500/-രൂപയുടെ ചെക്ക് പണമാക്കിയിട്ടില്ലാത്തതിനാൽ 31.3.17ൽ ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം 22,545/-രൂപ അവശേഷിക്കുന്നു. കാഷ്ബുക്ക് പ്രകാരമുള്ള കണക്കിലും എം ഐ എസ് പത്രിക പ്രകാരമുള്ള കണക്കിലും ഓരോയിനത്തിലേയും വരവ്/ചെലവ് തുകകളിൽ വ്യതിയാനം കാണപ്പെടുന്നുണ്ട്. ഇപ്രകാരമുള്ള ഓരോയിനത്തിലേയും വ്യതിയാനത്തിന്റെ കാരണം കാഷ് ബുക്കിലെ വാർഷിക സംഗ്രഹത്തോടൊപ്പം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്)

2016-17 ലേയ്ക്കുള്ള ലേബർ ബജറ്റ് പ്രകാരം ആകെ 172 പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 58 പദ്ധതികൾക്ക് മാത്രമാണ് സാങ്കേതികാനുമതി ലഭിച്ചത്. ഇതിൽ 47 പദ്ധതികൾ മാത്രമാണ് ഏറ്റെടുത്തത്. തൻവർഷം ഏറ്റെടുത്ത വിവിധ പ്രവൃത്തികളുടെ നടത്തിപ്പിലൂടെ 13453 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെങ്കിലും സ്ഥായിയായ പ്രയോജനം പ്രദാനം ചെയ്യുന്ന എത്രത്തോളം സാമൂഹ്യ ആസ്തികൾ ആർജ്ജിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. സാധന ഘടകങ്ങൾ കൂടി ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ആകെ 12,92,273/-രൂപ മൂല്യമുള്ള സാധനങ്ങൾ പ്രാദേശീകമായി സമാഹരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ കൂടുതൽ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിനും സോഷ്യൽ ഓഡിറ്റിങ്ങ് പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 വിനിയോഗവിവരം ലഭ്യമല്ല. 3,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം.050/17, കന്നുകുട്ടിപരിപാലനം, പ്രകാരം 3,75,000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന് ബിൽ നം.2/ തീ. 9.3.17 പ്രകാരം നൽകിയിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ 3,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 16.11.13-ലെ (എം.എസ്.) 362/2013, 25.6.14-ലെ (എം.എസ്) 112/2014 എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഗ്രാമസഭകളുടെ സംഘാടനത്തിനും കൂട്ടായ ചർച്ചയിലൂടെ വാർഡുതല

വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫലപ്രദമാക്കുന്നതിനും, വിലയിരുത്തുന്നതിനും അവ നടപ്പാക്കുന്നതിൽ വാർഡ് വികസനസമിതികളെ സഹായിക്കുന്നതിനും 'വികേന്ദ്രീകൃത ഭരണ സേവനകേന്ദ്രം' എന്ന നിലയിൽ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. എന്നാൽ കഞ്ഞഴ ഗ്രാമപഞ്ചായത്തിൽ, 2015-16 വർഷത്തിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിരുന്നില്ല. ഗ്രാമകേന്ദ്രങ്ങൾക്ക് മുറികൾ ലഭിക്കുന്നതുവരെ അങ്കണവാടികളിൽ ലഭ്യമായ സൗകര്യത്തിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഫർണീച്ചർ വാങ്ങിയിടുന്നതിനും 25.2.2016ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (നം.I(2)). കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പല അങ്കണവാടികളും സ്വന്തമായി കെട്ടിടമില്ലാത്തതും കെട്ടിടമുള്ളവയ്ക്ക് പരിമിതമായ ഭൗതീക സാഹചര്യവുമാണെന്നിരിക്കെ ഗ്രാമകന്ദ്രങ്ങൾക്കായി അങ്കണവാടികളിൽ സ്ഥലം കണ്ടെത്തുക അപ്രായോഗികവുമാണ്.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾക്കായി സ്ഥലം കണ്ടെത്തി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 09.03.2017 | 4,00,000 | മാലിന്യസംസ്കരണത്തിന് സ്ഥലം വാങ്ങൽ | 0 | 4,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം വായ്പ, വായ്പ തിരിച്ചടവ് ഇനത്തിൽ വരവ് ചെലവുകൾ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപം ഇനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2009-10 | 3-5 | 11-12 | 2-6 | നിക്ഷേപ പ്രവർത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,64,67,014.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,46,62,139 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,75,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 2,00,000 | ശ്രീമതി ഗീത മേരി മാമ്മൻ, സെക്രട്ടറി |
| 3-11 | 3,75,000 | ഡോ.അജയ് കുരുവിള, വെറ്ററിനറി സർജൻ |
| ആകെ | 5,75,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 | നം.എൽ.എഫ്.കെ.പി.5/394/14/28.11.14 |
| 2000-01 | നം.എൽ.എഫ്.കെ.പി.4/501/04/23.01.04 |
| 2001-02 ചെലവ് | നം.എൽ.എഫ്.കെ.പി.4/663/14/10.3.05/11.07.05 |
| 2002-03 ചെലവ് | നം.എൽ.എഫ്.കെ.പി.5/1022/08/30.8.09/10.09.09 |
| 2003-04 ചെലവ് | നം.എൽ.എഫ്.കെ.പി.11/1190/06/23.3.07/7.9.07 |
| 1998-99 വരവ് | നം.എൽ.എഫ്.കെ.പി.5/575/08/28.3.09 |

| | |
|---|---|
| 1992-93 to 1995-96 | നം.എൽ.എഫ്.കെ.പി.5/572/08/28.3.09 |
| 1997-98 | നം.എൽ.എഫ്.കെ.പി.5/574/08/28.3.09 |
| 2002-03 വരവ് | നം.എൽ.എഫ്.കെ.പി.5/577/08/20.5.09 |
| 2001-02 വരവ് | നം.എൽ.എഫ്.കെ.പി.5/949/10/19.6.12 |
| 2004-05 | നം.എൽ.എഫ്.കെ.പി.5/597/09/19.11.09/6.8.10 |
| 2005-06 | നം.എൽ.എഫ്.കെ.പി.5/146/10/10.11.10/11.1.11 |
| 2006-07 | നം.എൽ.എഫ്.കെ.പി.5/147/10/10.1.11 |
| 2007-08 | നം.എൽ.എഫ്.കെ.പി.5/566/12/6.9.12 |
| 2008-09 | നം.എൽ.എഫ്.കെ.പി.5/583/12/6.9.12 |
| 2009-10 | നം.എൽ.എഫ്.കെ.പി.5/1420/12/8.2.13/30.4.13 |
| 2010-11 | നം.എൽ.എഫ്.കെ.പി.5/1582/12/11.1.13/30.4.13 |
| 2011-12 | നം.എൽ.എഫ്.കെ.പി.5/1764/13/20.06.15 |
| 2012-13 | നം.എൽ.എഫ്.കെ.പി.5/1123/14/6.5.15 |
| 2013-14 | നം.എൽ.എഫ്.കെ.പി.5/1362/15/26.03.2016 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.5-1048/2016 തീയതി 22.07.2016 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.5-1833/2016 തീയതി 15.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി5/1410/2017

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി:22.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം